**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1973** **02-02-2024 - ൽ മറുപടിയ്ക്ക്**

**ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ക്രിസ്ത്യൻ ന്യൂനപക്ഷ വിഭാഗങ്ങളുടെ പിന്നാക്കാവസ്ഥ പഠിക്കാൻ സർക്കാർ നിയോഗിച്ച ജസ്റ്റിസ് ജെ.ബി. കോശി അദ്ധ്യക്ഷനായുള്ള കമ്മീഷന്റെ റിപ്പോർട്ട് സർക്കാറിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചത്; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ട് നടപടി സ്വീകരിക്കുന്നതിലേക്കായി ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ ലഭിച്ചത് 20.06.2023 ലാണ്. |
| (ബി) | പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ജസ്റ്റിസ് ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു വരികയാണ്. റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ വിവിധ വകുപ്പുകളുടെ പരിധിയിൽ വരുന്നതാകയാൽ ഓരോ വകുപ്പുകളും നടപ്പാക്കേണ്ടുന്ന കാര്യങ്ങൾ അതാത് വകുപ്പുകൾ പരിശോധിച്ചു തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. ആയതിനാൽ ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായങ്ങൾ ആരായുകയും ഓരോ വകുപ്പും കൈക്കൊള്ളേണ്ട നടപടികൾ ചർച്ച ചെയ്യുന്നതിനായും അവ ക്രോഡീകരിക്കുന്നതിനായും 09.01.2024-ൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുടെ യോഗം വിളിച്ചു ചേർക്കുകയും ചെയ്തിട്ടുണ്ട്. ഓരോ ശിപാർശയിൻമേലും ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായങ്ങളും സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികളും ന്യൂനപക്ഷ ക്ഷേമ വകുപ്പ് ക്രോഡീകരിച്ചു വരുന്നു. മേൽ നടപടികൾ താമസംവിനാ പൂർത്തീകരിച്ച് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടും നടപടി നിർദ്ദേശങ്ങളും പ്രഖ്യാപിക്കുന്നതാണ്. |
| (സി) | പ്രസ്തുത റിപ്പോട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദാംശം നൽകുമോ? | (സി) | ജസ്റ്റിസ് ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു വരികയാണ്. റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ വിവിധ വകുപ്പുകളുടെ പരിധിയിൽ വരുന്നതാകയാൽ ഓരോ വകുപ്പുകളും നടപ്പാക്കേണ്ടുന്ന കാര്യങ്ങൾ അതാത് വകുപ്പുകൾ പരിശോധിച്ചു തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| | | | ആയതിനാൽ ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായങ്ങൾ ആരായുകയും ഓരോ വകുപ്പും കൈക്കൊള്ളേണ്ട നടപടികൾ ചർച്ച ചെയ്യുന്നതിനായും അവ ക്രോഡീകരി ക്കുന്നതിനായും 09.01.2024-ൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുടെ യോഗം വിളിച്ചു ചേർക്കുകയും ചെയ്തിട്ടുണ്ട്. ഓരോ ശിപാർശയിൻമേലും ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായങ്ങളും സ്വീകരിക്കുവാനുദ്ദേ ശിക്കുന്ന നടപടികളും ന്യൂനപക്ഷ ക്ഷേമ വകുപ്പ് ക്രോഡീകരിച്ചു വരുന്നു. മേൽ നടപടികൾ താമസംവിനാ പൂർത്തീകരിച്ച് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടും നടപടി നിർദ്ദേശങ്ങളും പ്രഖ്യാപി ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ